പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 807** 30.06.2015- ൽ മറുപടി.

## സർക്കാർ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചു. കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാസർഗോഡ്, വയനാട്, പുതിയ തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു; എം.ബി.ബി.എസ്നും എം.ഡി./എം.എസ്നും എത്ര സീറ്റുകൾ ലഭ്യമായിരുന്നു; ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ്; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ 900 എം.ബി.ബി.എസ് സീറ്റുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 1250 സീറ്റുകൾ ലഭ്യമാണ്. സർക്കാർ മേഖലയിൽ 400 പി.ജി മെഡിക്കൽ ഡിഗ്രി സീറ്റുകളും, 160 പി.ജി. ഡിപ്ലോമ സീറ്റുകളുമുണ്ടായിരുന്നു. ഇപ്പോൾ 525 പി.ജി. മെഡിക്കൽ ഡിഗ്രി സീറ്റുകളും, 157 പി.ജി ഡിപ്ലോമ സീറ്റുകളും ലഭ്യമാണ്. |
| (സി) അടുത്ത രണ്ടുവർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുക എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്ന കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ